# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2646 12.03.2018-ൽ മറുപടിക്ക്

**സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരം ക്ലബ്ബുകൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; | (എ) സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് നടത്താറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ കോ-ഓർഡിനേറ്റർമാർക്ക് ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള വിദഗ്ദ പരിശീലനം ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS) നിന്നും നൽകിയിട്ടുണ്ട്. വിദഗ്ധ പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രാഥമിക കൗൺസിലിംഗ് നൽകി ഈ വിപത്തിൽ നിന്നും രക്ഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ, സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ്പ് ബോക്സിൽ ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ എക്സൈസ് വകുപ്പിന് കൈമാറാറുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്. എക്സൈസ് വകുപ്പ്, ക്ലബ്ബിന്റെ പ്രവർത്തനത്തിനു ധനസഹായം നൽകാറുണ്ട്. |

(മറുപുറം...)

| | | | |
|---|---|---|---|
| (ബി) | മദ്യത്തിന്റെ വ്യാപനത്തിന് സർക്കാർ തലത്തിൽ തന്നെ സ്വീകരിച്ച നടപടികൾ ഇത്തരം പദ്ധതികളെ പുറകോട്ടടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.